(ഇ) 157 കേസ്സുകൾ അന്വേഷണത്തിലാണ്. 33 കേസ്സുകൾ തെളിയേണ്ടതും പട്ടികയിൽ ചേർത്ത് കോടതിക്ക് റിപ്പോർട്ട് അയച്ചു. 22 കേസുകൾ അന്വേഷണം പൂർത്തിയാക്കി ഫൈനൽ റിപ്പോർട്ട് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. രണ്ടു കേസ്സിൽ പ്രതികളുടെ പേരിൽ ചാർജ്ജ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ഒരു കേസ് ക്ലബ് ചെയ്ത് അന്വേഷണം നടത്തി വരുന്നു.

## വാഹന മോഷണ കേസ്സുകൾ

**64 (775)** ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ കാറുകളും മറ്റ് വാഹനങ്ങളും മോഷണം ചെയ്തതായ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിലെ എത്ര പ്രതികളെ അറസ്റ്റ് ചെയ്തു; എത്ര വാഹനങ്ങൾ വീണ്ടെടുത്തു;

(സി) ഇത്തരം കേസ്സുകളിൽ പോലീസുകാർ ഉൾപ്പെടെ എത്ര ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർ പ്രതികളായിട്ടുണ്ട്; അവർ ആരെല്ലാം;

(ഡി) അവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ 408 കേസ്സുകളും, കോഴിക്കോട് ജില്ലയിൽ 377 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിൽ 235 പേരെ അറസ്റ്റ് ചെയ്യുകയും 189 വാഹനങ്ങൾ വീണ്ടെടുക്കുകയും ചെയ്തു. കോഴിക്കോട് ജില്ലയിൽ 213 പ്രതികളെ അറസ്റ്റ് ചെയ്യുകയും 180 വാഹനങ്ങൾ വീണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) പോലീസുകാർ ഉൾപ്പെടെ ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർ ആരും പ്രതികളായിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചവരെ സ്ഥിരപ്പെടുത്താൻ നടപടി

**65(776)** ശ്രീ. എ. അലി ഹസ്സൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചിട്ടുള്ളതും ജോലിയിൽ തുടരവേ ഉദ്യോഗം ലഭിക്കുന്നതിനുള്ള പ്രായപരിധി കഴിയുന്നവരുമായ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് യഥാസമയം പുതുക്കുന്നതിന് പല കാരണങ്ങൾ കൊണ്ടും കാലതാമസം വന്നിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിന് ഒരവസരം കൂടി നൽകുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly